**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1100** **11-02-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യ ലഭ്യതയിലുള്ള സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ വർഷം കഴിയുംതോറും മത്സ്യ ലഭ്യതയിൽ കുറവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തെ കണക്ക് ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ; | (എ) | 2016-17 വരെയുള്ള കാലഘട്ടത്തിലെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യ ലഭ്യതയിൽ ഇടിവുണ്ടായതായി കാണുന്നു. അതിനാൽ ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017 സെപ്റ്റംബറിൽ KMFR ആക്ട് ഭേദഗതി വരുത്തുകയും 2018 സെപ്റ്റംബറിൽ KMFRറൂൾ നിലവിൽ വരികയും ചെയ്തു. KMFR ആക്ട് ശക്തമായി നടപ്പിലാക്കിയതിലൂടെ 2018-19 വർഷത്തിൽ കടൽ മത്സ്യോത്പാദനം 609730 മെട്രിക് ടണ്ണായി വർദ്ധിച്ചു. എന്നാൽ 2019-20, 2020-21 വർഷങ്ങളിൽ കോവിഡ് പ്രതിസന്ധി മൂലം ചില മാസങ്ങളിൽ മത്സ്യബന്ധനം നടക്കാത്തതിനാൽ കടൽ മത്സ്യോത്പാദനം കുറഞ്ഞു. തുടർന്ന് വന്ന 2021-22, 2022-23 വർഷങ്ങളിലും കടൽ മത്സ്യോത്പാദനം വർദ്ധിച്ചിട്ടുണ്ട്. 2023-2024 വർഷക്കാലയളവിൽ കടൽ മത്സ്യോത്പാദനം 2022-2023 വർഷത്തെ അപേക്ഷിച്ച് കുറവുണ്ടായെങ്കിലും ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിച്ചിട്ടുണ്ട്.<br><br>കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഉൾനാടൻ മത്സ്യ ലഭ്യതയിൽ ഇടിവുണ്ടായിട്ടില്ല.<br><br>കഴിഞ്ഞ 5 വർഷത്തെ കടൽ, ഉൾനാടൻ മത്സ്യോത്പാദനത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ദൈനംദിനം വേണ്ടിവരുന്ന മത്സ്യത്തിന്റെ അളവും , ലഭ്യതയും എത്രയെന്നും ദൈനംദിനം ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം എത്തുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2281 മെട്രിക് ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തിന്റെ ശരാശരി ദൈനംദിന മത്സ്യലഭ്യത 1742 മെട്രിക് ടൺ ആകുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് ഏകദേശം 540 മെട്രിക് ടൺ ആകുന്നു. പ്രധാനമായും തമിഴ്നാട്, |

| | | | |
|---|---|---|---|
| | | | ആന്ധ്രപ്രദേശ്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം കേരളത്തിലേക്കെത്തുന്നത്. |
| (സി) | സംസ്ഥാനത്തിന് മത്സ്യ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്നത്തേയ്ക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | 2023-24 വർഷത്തെ ആകെ മത്സ്യോത്പാദനം 8,32,488 മെട്രിക്ക് ടൺ (കടൽ-5,81,422 മെട്രിക് ടൺ, ഉൾനാടൻ- 2,51,066 മെട്രിക് ടൺ) ആണ്. 2023-24 വർഷത്തിൽ തദ്ദേശീയമായി ലഭിച്ച മത്സ്യത്തിന് പുറമേ ഏകദേശം 1,96,735 മെട്രിക് ടൺ (1.97 lakh MT) മത്സ്യം അധികമായി കേരളത്തിന് ആവശ്യമായി വന്നു. ഇത്രയും അധികം മത്സ്യം കൂടി കടൽ മേഖലയിൽ നിന്നും ലഭിക്കുന്നതിന് സാധ്യതയില്ല. ഈ അപര്യാപ്തത ഉൾനാടൻ മത്സ്യോത്പാദനത്തിലൂടെ നികത്താൻ കഴിഞ്ഞാൽ മാത്രമേ മത്സ്യലഭ്യതയിൽ കേരളത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കഴിഞ്ഞ 5 വർഷത്തെ കടൽ, ഉൾനാടൻ മത്സ്യോത്പാദനത്തിന്റെ വിശദാംശങ്ങൾ**

| വർഷം | ഉത്പാദനം (MT) | | |
|---|---|---|---|
| | കടൽ | ഉൾനാടൻ | ആകെ |
| 2019-20 | 475368 | 205430 | 680798 |
| 2020-21 | 391683 | 224495 | 616178 |
| 2021-22 | 601945 | 225428 | 827373 |
| 2022-23 | 690945 | 229578 | 920523 |
| 2023-24 | 581422 | 251066 | 832488 |